ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 25-05-2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. 2026-ലെ പത്മ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് സമ്മാനിക്കും.

   **President Droupadi Murmu to Present Padma Awards 2026 Today.**

2. ഭീകരതയെ നേരിടുന്നതിൽ ഇന്ത്യയ്ക്കും അമേരിക്കയ്ക്കും സമാന അഭിപ്രായമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ.

   **EAM S.Jaishankar Says India and US Share Similar Views on Combating Terrorism.**

3. ഗോത്ര സമൂഹങ്ങളെ ഏകീകൃത സിവിൽ കോഡിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കാൻ പ്രത്യേക വ്യവസ്ഥകൾ ഏർപ്പെടുത്തിയതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

   **Special Provisions Made to Exempt Tribal Communities from Uniform Civil Code Purview, Says Union Home Minister Amit Shah.**

4. സി.ബി.എസ്.ഇ പന്ത്രണ്ടാം ക്ലാസ് ഉത്തരക്കടലാസുകളുടെ പകർപ്പിനായി അപേക്ഷിക്കാനുള്ള സമയ പരിധി നീട്ടി.

   **Central Board of Secondary Education Extends Deadline to Apply for Copies of Class 12 Answer Sheets.**

5. കേരളത്തിൽ വ്യാഴാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യത; ഇന്ന് ഒൻപത് ജില്ലകളിൽ മഞ്ഞ ജാഗ്രത.
   **Heavy Rain Likely in Kerala Till Thursday; Yellow Alert Issued in Nine Districts Today.**

6. ഐ.പി.എൽ ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ 40 റൺസിന് പരാജയപ്പെടുത്തി.
   **In Indian Premier League cricket, Delhi Capitals defeated Kolkata Knight Riders by 40 runs.**

&&&&&&&&&&&&&&&&&

## PADMA AWARD

2026-ലെ പത്മ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് സമ്മാനിക്കും. രാഷ്ട്രപതിഭവനിൽ നടക്കുന്ന ചടങ്ങിലാണ് പുരസ്കാര വിതരണം. ആകെ 131 പത്മ പുരസ്കാരങ്ങളാണ് ഈ വർഷം പ്രഖ്യാപിച്ചത്. പുരസ്കാര ജേതാക്കളിൽ 19 പേർ സ്ത്രീകളാണ്. രണ്ട് പത്മവിഭൂഷൺ, 6 പത്മഭൂഷൺ, 58 പത്മശ്രീ എന്നിവയുൾപ്പെടെ 66 പുരസ്കാരങ്ങളാണ് രാഷ്ട്രപതി ഇന്ന് വിതരണം ചെയ്യുക. ബാക്കിയുള്ളവ പിന്നീട് നൽകും. കേരളത്തിൽ നിന്നും കെ. ടി. തോമസ്, പി. നാരായണൻ, വി. എസ്. അച്യുതാനന്ദൻ, മമ്മൂട്ടി എന്നിവരുൾപ്പെടെ എട്ടു പേരാണ് പുരസ്കാരത്തിന് അർഹരായത്.

&&&&&&&&&&&&&&&&&

## JAISANKAR – RUBIO

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറും യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയും ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. വ്യാപാരം, ഊർജ്ജം, മൊബിലിറ്റി, പ്രാദേശിക സുരക്ഷ എന്നിവയുൾപ്പെടെയുള്ള പ്രധാന മേഖലകളെക്കുറിച്ച് ചർച്ച ചെയ്തു. കടൽ മാർഗ്ഗമുള്ള സുരക്ഷിതവും സുഗമവുമായ വാണിജ്യം ഉറപ്പാക്കുന്നതിൽ ഇന്ത്യയ്ക്കും അമേരിക്കയ്ക്കും ഒരേ

നിലപാടാണുള്ളതെന്ന് പശ്ചിമേഷ്യൻ സാഹചര്യം സൂചിപ്പിച്ചു കൊണ്ട് ശ്രീ ജയ്ശങ്കർ പറഞ്ഞു. സംഭാഷണത്തിനും നയതന്ത്രത്തിനും മുൻഗണന നൽകണമെന്നും അദ്ദേഹം ആവർത്തിച്ചു.

&&&&&&&&&&&&&&&&&

## EAM-US INDEPENDENCE

ഭീകരതയെ എല്ലാ തലങ്ങളിലും നേരിടുന്നതിൽ ഇന്ത്യയ്ക്കും അമേരിക്കയ്ക്കും സമാന അഭിപ്രായമാണുള്ളതെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. ഇന്നലെ ന്യൂഡൽഹിയിൽ യുണൈറ്റഡ് സ്റ്റേറ്റ്സിന്റെ 250-ാമത് സ്വാതന്ത്ര്യദിനാഘോഷ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. യു.എസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയുടെ സന്ദർശനം ഇന്ത്യ-യുഎസ് ബന്ധത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നതായി ശ്രീ ജയ്ശങ്കർ പറഞ്ഞു.

&&&&&&&&&&&&&&&&&

## TRUMP - PM MODI

അമേരിക്കയുടെ 250-ാം സ്വാതന്ത്ര്യ വാർഷിക ആഘോഷവുമായി ബന്ധപ്പെട്ട് ന്യൂഡൽഹിയിൽ ഇന്നലെ നടന്ന പരിപാടിക്കിടെ യു എസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയുമായി യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഫോണിൽ സംസാരിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി നല്ല സൗഹൃദമാണെന്നും ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം ഇതിന് മുൻപ് ഇത്രയും അടുത്തിട്ടില്ലെന്നും ട്രംപ് പറഞ്ഞു.

&&&&&&&&&&&&&&&&&

## SHAH - TRIBALS UCC(INTRO)

എല്ലാ ഗോത്ര സമൂഹങ്ങളെയും ഏകീകൃത സിവിൽ കോഡിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കാൻ പ്രത്യേക വ്യവസ്ഥകൾ ഏർപ്പെടുത്തിയതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ന്യൂഡൽഹിയിൽ ജനജാതി സംസ്കൃതി സമാഗമത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഏകീകൃത സിവിൽ കോഡ് ഒരു ഗോത്ര അവകാശങ്ങളെയും ലംഘിക്കില്ലെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

( വോയിസ്...)

&&&&&&&&&&&&&&&&&

## EBOLA

ആഫ്രിക്കൻ രാജ്യങ്ങളിൽ എബോള വ്യാപിക്കുന്ന സാഹചര്യത്തിൽ കോംഗോ, യുഗാണ്ട, ദക്ഷിണ സുഡാൻ എന്നീ രാജ്യങ്ങളിലേക്ക് അത്യാവശ്യമല്ലാത്ത യാത്രകൾ ഒഴിവാക്കണമെന്ന് കേന്ദ്ര സർക്കാർ മുന്നറിയിപ്പു നൽകി. വൈറസ് ബാധ റിപ്പോർട്ട് ചെയ്യതിനെ തുടർന്ന് ആഫ്രിക്കയുടെ രോഗ നിവാരണ-പ്രതിരോധ കേന്ദ്രങ്ങളിലേക്ക് ഇന്ത്യ അടിയന്തിര വൈദ്യസഹായ കിറ്റുകൾ അയച്ചു. കേരളത്തിലും സുരക്ഷാ മുന്നൊരുക്കങ്ങൾ ശക്തമാക്കിയതായി ആരോഗ്യമന്ത്രി കെ.മുരളീധരൻ അറിയിച്ചു.

&&&&&&&&&&&&&&&&&

## CONGO-EBOLA

കോംഗോയുടെ കിഴക്കൻ മേഖലയിൽ എബോളയെന്ന് സംശയിക്കപ്പെടുന്ന കേസുകളുടെ എണ്ണം തൊള്ളായിരം കടന്നതായി കോംഗോ ഭരണകൂടം. തൊള്ളായിരത്തി നാല് കേസുകളും 119 മരണങ്ങളുമാണ് നിലവിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. കോംഗോയിൽ വളരെ ഉയർന്ന അപകടസാധ്യതയുള്ള രോഗം ആഗോളതലത്തിൽ പടരാനുള്ള സാധ്യത കുറവാണെന്ന് ലോകാരോഗ്യ സംഘടന പറഞ്ഞു.

&&&&&&&&&&&&&&&&&

## US-IRAN DEAL

ഇറാനുമായി കരാറിൽ ഏർപ്പെടാൻ തിടുക്കം കാണിക്കരുതെന്ന് തന്റെ പ്രതിനിധികളോട് നിർദേശിച്ചതായി യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. 60 ദിവസത്തേക്ക് വെടിനിർത്തൽ നീട്ടുക, ഹോർമുസ് കടലിടുക്ക് തുറക്കുക , ഇറാന്റെ ആണവ പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ ചർച്ചകൾ എന്നിവ കരാറിൽ ഉൾപ്പെടുന്നു. ഇക്കഴിഞ്ഞ ഫെബ്രുവരി 28 ന് അമേരിക്കയും ഇസ്രായേലും ഇറാനിൽ വ്യാപകമായ ആക്രമണങ്ങൾ നടത്തിയതാണ് പശ്ചിമേഷ്യയിൽ ഉടനീളം സംഘർഷത്തിന് കാരണമായത്.

&&&&&&&&&&&&&&&&&

## CBSE-EXTEND DATE

സിബിഎസ്ഇ പന്ത്രണ്ടാം ക്ലാസ് ഉത്തരക്കടലാസുകളുടെ സ്കാൻ ചെയ്ത പകർപ്പിനായി അപേക്ഷിക്കാനുള്ള സമയ പരിധി ഒരു ദിവസം കൂടി നീട്ടി. അപേക്ഷകൾ നൽകാനുള്ള വിദ്യാർത്ഥികൾക്ക് ഇന്ന് കൂടി സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. അതേസമയം, ഉത്തരക്കടലാസുകളുടെ പകർപ്പുകൾ ലഭിക്കാൻ അധിക തുക നൽകേണ്ടി വന്നവർക്ക് പണം മടക്കി നൽകുമെന്നും അപേക്ഷിച്ച എല്ലാവർക്കും പകർപ്പുകൾ ലഭ്യമാക്കുമെന്നും ബോർഡ് അറിയിച്ചു.

&&&&&&&&&&&&&&&&&

## PM - FALTA

പശ്ചിമ ബംഗാളിലെ ഫാൽത നിയമസഭാ തിരഞ്ഞെടുപ്പിൽ റെക്കോർഡ് ഭൂരിപക്ഷത്തോടെ വിജയിച്ച ബിജെപി സ്ഥാനാർത്ഥി ദേബാങ്ഷു പാണ്ഡയെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. പശ്ചിമ ബംഗാളിന്റെ പുരോഗതിക്കായി തുടർന്നും പ്രവർത്തിക്കുമെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&

## NTA CUET EXAM DATE

ഈ മാസം 28 ന് നടത്താൻ നിശ്ചയിച്ചിരുന്ന സി.യു.ഇ.ടി - യു.ജി പരീക്ഷകൾ മാറ്റി വച്ചതായി നാഷണൽ ടെസ്റ്റിംഗ് ഏജൻസി. ബക്രീദ് അവധിയിൽ ഉണ്ടായ മാറ്റം കണക്കിലെടുത്താണ് തീരുമാനമെന്ന് എൻ.ടി.എ അറിയിച്ചു. പുതുക്കിയ പരീക്ഷാ തീയതികൾ ഉടൻ പ്രഖ്യാപിക്കും. കൂടുതൽ വിവരങ്ങൾക്ക് 0 1 1-4 0 7 5 9 0 0 0 എന്ന നമ്പറിലോ, cuet-uginta.ac.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

&&&&&&&&&&&&&&&&&

## IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ 40 റൺസിന് പരാജയപ്പെടുത്തി. ഇന്നലെ നടന്ന മത്സരത്തിൽ ആദ്യം ബാറ്റിംഗിന് ഇറങ്ങിയ ഡൽഹി ക്യാപിറ്റൽസ് നിശ്ചിത ഓവറിൽ 5 വിക്കറ്റ് നഷ്ടത്തിൽ 203 റൺസ് നേടി. എന്നാൽ മറുപടി ബാറ്റിങ്ങിനിറങ്ങിയ കൊൽക്കത്തയ്ക്ക് 18.4 ഓവറിൽ 163 റൺസ് നേടാനേ കഴിഞ്ഞുള്ളു. മുംബൈയിൽ നടന്ന മറ്റൊരു മത്സരത്തിൽ രാജസ്ഥാൻ റോയൽസ് മുംബൈ ഇന്ത്യൻസിനെ 30 റൺസിന് പരാജയപ്പെടുത്തി.

&&&&&&&&&&&&&&&&&

## FOOTBALL DAY (INTRO)

ഇന്ന് ലോക ഫുട്ബോൾ ദിനം. മനുഷ്യനെ ഒന്നിപ്പിക്കുന്ന ജനകീയ കായിക ഇനമായ ഫുട്ബോളിൻ്റെ ശക്തിയും സൗന്ദര്യവും വാക്കുകൾക്കതീതമാണ്. മൈതാനങ്ങളെ ത്രസിപ്പിച്ച അമരന്മാരായ ഫുട്ബോൾ വിസ്മയങ്ങളെ സ്മരിക്കാനുള്ള അവസരം കൂടിയാണ് ഈ ദിനം. ദിവസേനയുള്ള വ്യായാമവും ശാരീരിക പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിന്, ഫിഫയും ലോകാരോഗ്യ സംഘടനയും നയിക്കുന്ന ആഗോള ക്യാമ്പയിനോട് അനുബന്ധിച്ച് "സജീവമായി തുടരൂ" എന്ന പ്രമേയത്തിലാണ്

ദിനാചരണം സംഘടിപ്പിക്കുന്നത്. **ആകാശവാണി പ്രതിനിധി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്.**

(വോയിസ്)

&&&&&&&&&&&&&&&&&

## IRAN-WC FOOTBALL

അടുത്ത മാസം ആരംഭിക്കുന്ന ഫുട്ബോൾ ലോകകപ്പിനു മുന്നോടിയായി, ബേസ് ക്യാമ്പ് അമേരിക്കയിൽനിന്ന് മെക്സിക്കോയിലേക്ക് മാറ്റാൻ തീരുമാനിച്ച് ഇറാൻ ഫുട്ബോൾ ടീം. ഇക്കാര്യത്തിൽ ഇറാന് ഫിഫയുടെ അംഗീകാരം ലഭിച്ചു.

&&&&&&&&&&&&&&&&&

## HAJ PILGRIMAGE

പശ്ചിമേഷ്യയിലെ പ്രാദേശിക സംഘർഷങ്ങൾക്കിടെ അഞ്ച് ദിവസത്തെ വാർഷിക ഹജ്ജ് തീർത്ഥാടനം ഇന്ന് ആരംഭിക്കുന്നു. ലോകമെമ്പാടുമുള്ള 1.6 ദശലക്ഷത്തിലധികം പേരാണ് മക്കയിൽ നിന്ന് സൗദി അറേബ്യയിലെ മിനായിൽ ഒത്തുകൂടാനുള്ള യാത്ര ആരംഭിക്കുന്നത്. ഇന്ത്യയിൽ നിന്ന് ഏകദേശം ഒരു ലക്ഷത്തി 75,000 തീർത്ഥാടകർ ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിൽ പങ്കെടുക്കുന്നുണ്ട്.

&&&&&&&&&&&&&&&&&

## WEATHER - KERALA(INTRO)

കേരളത്തിൽ വ്യാഴാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് ഒൻപത് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ഈ മാസം 28 വരെ കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.....**
**( വോയിസ്....)**

&&&&&&&&&&&&&&&&&

## ATHIRIPPILLY ROAD

തൃശൂർ അതിരപ്പിള്ളി - മലക്കപ്പാറ അന്തർസംസ്ഥാന പാതയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ ഗതാഗതത്തിന് കർശന നിയന്ത്രണം ഏർപ്പെടുത്തി. തമിഴ്നാട് ഭാഗത്തുനിന്ന് അതിരപ്പിള്ളി, ചാലക്കുടി ഭാഗങ്ങളിലേക്ക് മലക്കപ്പാറ വഴി വരുന്ന വാഹനങ്ങളെ മലക്കപ്പാറ ചെക്ക്പോസ്റ്റിലും ചാലക്കുടി, അതിരപ്പിള്ളി ഭാഗത്തുനിന്ന് മലക്കപ്പാറ, വാൽപ്പാറ ഭാഗങ്ങളിലേക്ക് പോകുന്ന വാഹനങ്ങളെ വാഴച്ചാൽ ചെക്ക്പോസ്റ്റിലും തടയും. തമിഴ്നാട്ടിൽ നിന്നും തൃശ്ശൂർ/എറണാകുളം ഭാഗങ്ങളിലേക്കും തിരിച്ചും പോകേണ്ടവർ വനപാത ഒഴിവാക്കി പാലക്കാട് - മണ്ണുത്തി ദേശീയപാത വഴിയുള്ള ബദൽ റൂട്ടുകൾ ഉപയോഗിക്കേണ്ടതാണ്.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&